കൾക്കു വീടുകൊടുക്കുന്ന ഭവന നിർമ്മാണ ബോർഡ് ബ്ലൂഡ് കമ്പനിയെപ്പോലെ പ്രവർത്തിക്കാമോ? അതുകൊണ്ട് പരാതിയുള്ള ആളുകളേയും അലോട്ടീസ് അസോസിയേഷന്റെ ആളുകളെയും വിളിച്ച് കണക്കുകൾ ബോദ്ധ്യപ്പെടുത്തി യഥാർത്ഥ സംഖ്യ തീരുമാനിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഭവനനിർമ്മാണ ബോർഡ് പദ്ധതികൾ തീർപ്പാക്കാതെ കിടക്കുന്നത് കൊല്ലങ്ങളായി തീർപ്പ് കല്പിക്കുന്നില്ല എന്നുള്ളതാണ് പ്രധാന പരാതി. ഇപ്പോൾ ഓരോ സ്കീമായി എടുത്ത് അന്തിമമായി വില തിട്ടപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. 22-2-98-ലാണ് അശോക നഗർ ഭവനനിർമ്മാണ പദ്ധതിയുടെ അന്തിമ വില തിട്ടപ്പെടുത്തി അംഗീകരിച്ചത്. അങ്ങനെ അംഗീകരിച്ചാലുണ്ടാകുന്ന ഓവർഹെഡ് ചാർജ് ഉൾപ്പെടെ, പലിശ ഉൾപ്പെടെ കണക്കാക്കിയിട്ടാണ് വില നിശ്ചയിച്ചിട്ടുള്ളത്. ഹൗസിംഗ് ബോർഡിൽനിന്നും കിട്ടിയ റിപ്പോർട്ടനുസരിച്ച് ഗുണഭോക്താക്കളിൽനിന്നും ഭീമമായ സംഖ്യ വാങ്ങുന്നു എന്ന ആരോപണം അടിസ്ഥാനരഹിതമാണെന്നാണ്. പിഴപ്പലിശ സംബന്ധിച്ചുള്ള സൂചനയുണ്ട്. ഇക്കാര്യത്തിൽ ഒരു റിപ്പോർട്ടുകൂടി ബോർഡിൽ നിന്നും ആവശ്യപ്പെടാം. പിഴപ്പലിശ ചില വ്യവസ്ഥകൾക്കു വിധേയമായി ഇളവു ചെയ്തു കൊടുക്കാമോ എന്നുള്ളത് പ്രത്യേകമായി പരിഗണിക്കാം. അലോട്ടീസ് അസോസിയേഷനെ വിളിച്ച് സംസാരിക്കുന്നതിന് ബോർഡിന് നിർദ്ദേശം കൊടുക്കാം.

(6) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കാർത്തികപുരം പാലത്തിന്റെ നിർമ്മാണം

ശ്രീ. കെ.സി. ജോസഫ് : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ടതും കണ്ണൂർ-കാസർകോട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്നതുമായ കാർത്തികപുരം പാലത്തിന് ഭരണാനുമതി കൊടുത്തെങ്കിലും നടപടികൾ ഒന്നുമായിട്ടില്ല. കഴിഞ്ഞ രണ്ടാഴ്ചത്തെ തുടർച്ചയായ മഴമൂലം അവിടെയുള്ള ചപ്പാത്തും മുങ്ങിപ്പോയി. കാസർകോട് ഭാഗത്തേക്കുള്ള ഈ പഞ്ചായത്തിലെ ഗതാഗതം സ്തംഭിച്ചിരിക്കുകയാണ്. ഇതു വളരെയേറെ സാദ്ധ്യതകളുള്ള ഒരു പാലമാണ്. ഗവൺമെന്റിന് പണം മുടക്കാനില്ലെങ്കിൽ നബാർഡിന്റെയോ മറ്റു സാമ്പത്തിക സ്ഥാപനങ്ങളുടേയോ പണം മുടക്കി കഴിഞ്ഞാൽ ടോൾ പിരിച്ച് പണം തിരികെ കിട്ടാവുന്നതേയുള്ളൂ. അതുകൊണ്ട് ഈ പാലത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഈ പാലത്തിനു ഭരണാനുമതി നൽകിയിട്ടുണ്ട്. 1999-2000-ലെ ബഡ്ജറ്റിൽ രണ്ടുലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഡിസൈൻ തയ്യാറാക്കുന്നത്. മണ്ണ് പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. മണ്ണ് പരിശോധന പൂർത്തിയാക്കി ഡിസൈൻ അംഗീകരിച്ച് അനന്തര നടപടികൾ തുടങ്ങാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്. എന്നാൽ ഇതു ഗ്രാമപ്രദേശത്തുള്ള പാലം എന്ന നിലയിൽ നബാർഡിന്റെ സ്കീമിൽ പെടുത്തി ചെയ്യാൻ കഴിയുമോ എന്ന് പ്രത്യേകമായി പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly